# ലാന്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീ.ടി.കെ.മനോജ്കുമാർ,ഐ.എ.എസ്)

എൽ.ആർ(റ്റി)2-2002/11 തീയതി : 16.06.2011

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - 01.01.2006 മുതൽ 31.12.2010-വരെയുള്ള HC/RI/VO താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നതു-സംബന്ധിച്ച് -

പരാമർശം :-
1) ബഹു: കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ 116/2011 നമ്പർ കേസിലെ 27.1.11-ലെ വിധിന്യായം
2) ലാന്റ് റവന്യു കമ്മീഷണറുടെ 16.6.2011 തീയതിയിലെ LR(T)2-50267/08 നം. നടപടിക്രമം.
3) ലാന്റ് റവന്യു കമ്മീഷണറുടെ 7.5.11-ലെ LR(T)2-2002/11(2) നം. നടപടിക്രമം
4) ലാന്റ് റവന്യു കമ്മീഷണറുടെ 3.5.06-ലെ LR(T)3-15290/06 നം. മാർഗ്ഗനിർദ്ദേശങ്ങൾ.

പരാമർശം (2) പ്രകാരം 01.01.06 മുതൽ 31.12.10-വരെയുള്ള HC/RI/VO തസ്തികയിലെ ഒഴിവു വിവരം തിട്ടപ്പെടുത്തിയിട്ടുണ്ട്. പരാമർശം (3) പ്രകാരം 01.11.98-മുതൽ 31.12.05-വരെയുള്ള കാലയളവിലെ HC/RI/VO കേഡറിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ആയതിനു തുടർച്ചയായി 01.01.06 മുതൽ 31.12.10-വരെയുള്ള HC/RI/VO തസ്തികയിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്ത് ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ഇതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ അന്തിമവിധിക്ക് വിധേയമായിരിക്കും.

ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും പ്രസ്തുത ലിസ്റ്റ് പരിശോധിക്കാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. സീനിയോറിറ്റി ലിസ്റ്റ് പരസ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പരാമർശം (4) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശക്കുറിപ്പിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ഈ ലിസ്റ്റിന്മേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശ വാദങ്ങളും 24.6.11-ന് മുമ്പ് ബന്ധപ്പെട്ട ജില്ലാ കളക്ടർ/ആഫീസ് മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ജില്ലാ കളക്ടർ/ആഫീസ് മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ജില്ലാ കളക്ടർ/ആഫീസ് മേധാവികൾ റിപ്പോർട്ട് സഹിതം ഉടൻ തന്നെ ലാന്റ് റവന്യു കമ്മീഷണർ മുൻപാകെ ഹാജരാക്കേണ്ടതാണ്.

(ഒപ്പ് )

**കമ്മീഷണർ.**

**പകർപ്പ്** :
1) എല്ലാ ജില്ലാ കളക്ടർമാർക്കും
2) സെക്രട്ടറി, ലാന്റ് ബോർഡ്,
3) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്
4) ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്, ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.

T5/15.6